കൗമാര ആരോഗ്യ ക്ലിനിക്കുകൾ

6 (4809) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൗമാര പ്രായക്കാരിലെ ആരോഗ്യ പ്രശ്നങ്ങൾ, മാനസിക സമ്മർദ്ദം എന്നിവ കണ്ടുപിടിക്കുന്നതിനും ഫലപ്രദമായി ചികിത്സിക്കുന്നതിനും സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) എന്ന് മുതലാണ് കൗമാര ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തിച്ചു തുടങ്ങിയത് ; ഏതെല്ലാം ജില്ലകളിൽ ;

(സി) കൗമാര ആരോഗ്യ ക്ലിനിക്കുകൾ പി.എച്ച്.സി.-കളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിൽ സഞ്ചരിക്കുന്ന കൗമാര ആരോഗ്യ ക്ലിനിക്കുകളുടെ സേവനം ഏതെല്ലാം ജില്ലകളിൽ ലഭ്യമാണ് ?

ഉത്തരം

(എ) കൗമാരപ്രായക്കാരിലെ ആരോഗ്യപ്രശ്നങ്ങൾ മാനസിക സമ്മർദ്ദം എന്നിവ കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി എല്ലാ ജില്ലകളിലെയും ആസ്ഥാന ആശുപത്രികളിൽ ഓരോ കൗമാര സൗഹൃദ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതോടൊപ്പം വിവിധ ജില്ലകളിലെ താലൂക്ക് ആശുപത്രികളിലായി ആറും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലായി നാലും കൗമാര സൗഹൃദ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിലൂടെ കൗമാരക്കാർക്ക് പ്രധാനമായും കൗമാര ആരോഗ്യ ബോധവൽക്കരണം, ആരോഗ്യ പ്രശ്നങ്ങൾക്കുള്ള ചികിത്സ, മാനസിക പ്രശ്നങ്ങൾക്കുള്ള കൗൺസിലിംഗ്, റഫറൽ സേവനങ്ങൾ എന്നിവയാണ് നൽകിവരുന്നത്. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെട്ട സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്കൂളുകളിലും മൊബൈൽ യൂണിറ്റുകളുടെ സേവനവും ലഭ്യമാണ്.

(ബി) 2012-13 സാമ്പത്തിക വർഷം മുതലാണ് കൗമാര ആരോഗ്യ ക്ലിനിക്കുകൾ കേരളത്തിൽ പ്രവർത്തനം തുടങ്ങിയത്. തുടക്കം മുതൽ ഈ ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായ കൗമാര ആരോഗ്യ പദ്ധതി, രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം എന്ന കൂടുതൽ മെച്ചപ്പെട്ട രൂപീത്തിലേക്ക് മാറ്റിയിരിക്കുകയാണ്. ഈ പദ്ധതിയുടെ ഭാഗമായി, ആദ്യപടിയെന്ന നിലയ്ക്ക് പാലക്കാടും വയനാടും ജില്ലകളിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽകൂടി കൗമാര ആരോഗ്യ ക്ലിനിക്കുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും ആസൂത്രണം ചെയ്തിട്ടില്ല.

(ഡി) സഞ്ചരിക്കുന്ന കൗമാര ആരോഗ്യ ക്ലിനിക്കുകളുടെ സേവനം നിലവിൽ കണ്ണൂർ ജില്ലയിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം)മുഖാന്തരമുള്ള പ്രവൃത്തികൾ

7 (4810) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ദൗത്യത്തിന് (NRHM) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്രയെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ഓരോ വർഷവും ചെലവാക്കിയെന്നും സംസ്ഥാന സർക്കാർ തുകയിൽ നിന്നും ഓരോ വർഷവും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ ;

(ബി) NRHM പ്രവൃത്തികളിൽ ഓരോ വർഷവും ചെലവാക്കുന്ന തുകയും പ്രവൃത്തികളും പ്രവർത്തനത്തിന്റെ ഗുണദോഷങ്ങളും പ്രവർത്തനം കൊണ്ടുണ്ടായ നേട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) NRHM പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട താൽക്കാലിക ജീവനക്കാർ എത്ര (തസ്തിക തിരിച്ച്) എന്നും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ആശാ വർക്കർമാർ എത്രപേരുണ്ടെന്നും ആശാ വർക്കർമാർക്ക് സ്ഥിരം നിയമനം നൽകാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ;

(ഡി) NRHM നടത്തിവരുന്ന ആരോഗ്യ പ്രവൃത്തികൾ എന്തെല്ലാമെന്നും ഓരോന്നിനും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും ഇവരുടെ പ്രവൃത്തികൾ സർക്കാർ കാലാകാലങ്ങളിൽ പരിശോധിച്ചിട്ടുണ്ടോയെന്നും, പ്രവൃത്തനങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly